**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 78** **29-08-2022 - ൽ മറുപടിയ്ക്ക്**

**എസ്.സി., എസ്.ടി. വിഭാഗങ്ങൾക്കായുള്ള കിഫ്ബി പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീമതി കെ.കെ.രമ** | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** |

**ചോദ്യം:**

(എ) സംസ്ഥാനത്ത് പ്ലാൻ ഫണ്ട് ഗണ്യമായി കുറയുന്നതിനാലും കിഫ്ബി വഴി പദ്ധതികൾ നടപ്പിലാക്കുന്നതിനാലും എസ്.സി., എസ്.ടി. വിഭാഗങ്ങൾക്കായി വകയിരുത്തുന്ന ഫണ്ടിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവമായി കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

**ഉത്തരം:**

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വകയിരുത്തിയിട്ടുള്ള പ്ലാൻ ഫണ്ടിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മൊത്തം ജനസംഖ്യയുടെ 9.1% വരുന്ന പട്ടികജാതിവിഭാഗത്തിന് ആകെ അടങ്കലിന്റെ 9.81% പ്ലാൻ ഫണ്ടിൽ വകയിരുത്തുന്നുണ്ട്. ഇത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

(രൂപ കോടിയിൽ)

| വർഷം | സംസ്ഥാന വിഹിതം | എസ്.സി.പി | ശതമാനം |
|---|---|---|---|
| 2017-18 | 26500 | 2599.65 | 9.81 |
| 2018-19 | 29150 | 2859.62 | 9.81 |
| 2019-20 | 30610 | 3002.84 | 9.81 |
| 2020-21 | 27610 | 2708.54 | 9.81 |
| 2021-22 | 27610 | 2708.54 | 9.81 |
| 2022-23 | 30370 | 2979.40 | 9.81 |

പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യാനുപാതത്തി നേക്കാൾ കൂടുതലാണ് ബജറ്റിൽ തുക വകയിരുത്തുന്നത്. നിലവിലുള്ള സ്ഥിതി വിവര കണക്ക് പ്രകാരം കേരളത്തിലെ പട്ടികവർഗ്ഗ ജനസംഖ്യ, മൊത്തം ജനസംഖ്യയുടെ 1.45 % ആണ്. ടി.എസ്.പിക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക മൊത്തം പദ്ധതി അടങ്കലിന്റെ 2.83% ആണ്.നടപ്പ് വർഷത്തെ വിഹിതം മുൻ വർഷത്തെ വിഹിതത്തിനേക്കാൾ കൂടുതലാണ്. ഇത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | സംസ്ഥാനത്തിലെ ആകെ വിഹിതം (ലക്ഷത്തിൽ) | ടി.എസ്.പി. വിഹിതം (ലക്ഷത്തിൽ) | സംസ്ഥാന വിഹിതത്തിൽ ടി എസ് പി (ശതമാനത്തിൽ) |
|---|---|---|---|
| 2020-21 | 2761000 | 78136 | 2.83% |
| 2021-22 | 2761000 | 78136 | 2.83% |
| 2022-23 | 3032000 | 85950 | 2.83% |

| | | | |
|---|---|---|---|
| (ബി) | ബജറ്റിൽ വകയിരുത്തുന്ന തുക പോലും എസ്.സി., എസ്.ടി. വിഭാഗങ്ങളുടെ ഉന്നമനത്തിന് പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ കിഫ്ബിയിൽ പിന്നാക്ക വിഭാഗങ്ങൾക്ക് പ്രത്യേക ഫണ്ട് വകയിരുത്താത്തത് അനീതിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരിക്കുന്ന തുകയിൽ സർക്കാർ കുറവ് വരുത്തിയിട്ടില്ല. വർഷങ്ങളായി ജനസംഖ്യാനുപാതികത്തിലും അധികം തുക അനുവദിച്ചു വരുന്നുണ്ട്. കിഫ്ബി പദ്ധതിക്കായി ബജറ്റിൽ ഓരോ വകുപ്പിനും പ്രത്യേകം, പ്രത്യേകം തുക വകയിരുത്തുന്ന സ്ഥിതി നിലവിലില്ല. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി പദ്ധതി വഴി പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. |
| (സി) | പ്രസ്തുത സാഹചര്യത്തിൽ സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ/ട്രൈബൽ സബ് പ്ലാൻ മാതൃകയിൽ പിന്നാക്ക വിഭാഗങ്ങൾക്കായി കിഫ്ബിയിൽ പ്രത്യേക ഫണ്ട് വകയിരുത്താൻ വകുപ്പ് മുൻകൈയെടുക്കുമോ എന്ന് വ്യക്തമാക്കുമോ; | (സി) | നിർമ്മാണ പ്രവർത്തികളുമായി ബന്ധപ്പെട്ട് വകുപ്പുകൾ സമർപ്പിക്കുന്ന പ്രോജക്ടുകൾക്കാണ് കിഫ്ബി വഴി ഫണ്ട് അനുവദിക്കുന്നത്. |
| (ഡി) | എസ്.സി., എസ്.ടി. വിഭാഗങ്ങളുടെ ഉന്നമനത്തിനായി കഴിഞ്ഞ ആറ് വർഷത്തിനുള്ളിൽ കിഫ്ബി മുഖേന എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | കിഫ്ബി മുഖേന നടപ്പിലാക്കി വരുന്ന വിവിധ ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസിയായ KSCC യ്ക്ക് ആവശ്യമായ തുക കിഫ്ബി നേരിട്ടാണ് അനുവദിച്ച് നൽകുന്നത്. പട്ടികജാതി വികസന വകുപ്പിൻ കീഴിൽ കിഫ്ബി വഴി നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1.പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (പെൺ) കൊഴിഞ്ഞാമ്പാറ, പാലക്കാട്.<br>2.പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (ആൺ), ആലുവ, എറണാകുളം<br>3.പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (ആൺ) താണ, കണ്ണൂർ<br>4.മോഡൽ റസിഡൻഷ്യൽ സ്കൂൾ, പെരിങ്ങോം, കണ്ണൂർ<br>5.ഹയർസെക്കന്ററി ഹോസ്റ്റൽ നിർമ്മാണം, മോഡൽ റസിഡൻഷ്യൽ സ്കൂൾ, വെള്ളച്ചാൽ, കാസർഗോഡ്<br>6.മോഡൽ റസിഡൻഷ്യൽ സ്കൂൾ, തോന്നയ്ക്കൽ, തിരുവനന്തപുരം (നിർമ്മാണം പുരോഗമിച്ചു വരുന്നു.)<br>7.പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, അഴീക്കോട്, കണ്ണൂർ<br>8.വെട്ടിക്കവല, ആറ്റിപ്ര ഐ.റ്റി.ഐ. കളിൽ പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്.<br>9.പൊന്നാന്നി ഐ.റ്റി.ഐ കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള എം.ആർ.എസ്, ഹോസ്റ്റൽ എന്നീ സ്ഥാപനങ്ങളുടെ വികസനത്തിനായി കിഫ്ബി മുഖേന നാളിതുവരെ 11 സ്ഥാപനങ്ങളുടെ നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. (വിവരം അനുബന്ധമായി ചേർക്കുന്നു). |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | പ്രവർത്തി | പുരോഗതി |
|---|---|---|
| 1 | MRS നിർമ്മാണം കുറ്റിച്ചൽ, തിരുവനന്തപുരം | പ്രവർത്തികൾ ആരംഭിച്ചിട്ടില്ല |
| 2 | MRS, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള ഹോസ്റ്റൽ, കിച്ചൺ ബ്ലോക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം, ആറളം, കണ്ണൂർ | പ്രവർത്തികൾ പൂർത്തിയായി |
| 3 | ആൺകുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം, കോടാലിപ്പാറ, ഇടുക്കി | പ്രവർത്തികൾ പൂർത്തിയായി |
| 4 | പെൺകുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം, നേര്യമംഗലം, എറണാകുളം | പ്രവർത്തികൾ ആരംഭിച്ചിട്ടില്ല |
| 5 | പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം, അച്ചൻകോവിൽ, കൊല്ലം | പ്രവർത്തികൾ പുരോഗമിക്കുന്നു |
| 6 | ആൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം, പിണവൂർക്കുടി എറണാകുളം | പ്രവർത്തികൾ ആരംഭിച്ചിട്ടില്ല |
| 7 | ആൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം, കുറ്റിക്കോൽ, കാസർഗോഡ് | പ്രവർത്തികൾ പൂർത്തിയായി |
| 8 | പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം ബേദഡുക്ക, കാസർഗോഡ് | പ്രവർത്തികൾ പൂർത്തിയായി |
| 9 | യൂത്ത് ഹോസ്റ്റൽ നിർമ്മാണം, പെരിങ്ങമല, പാലോട്, തിരുവനന്തപുരം | പ്രവർത്തികൾ ആരംഭിച്ചിട്ടില്ല |
| 10 | ആൺകുട്ടികൾക്കായുള്ള പുതിയ ഹോസ്റ്റൽ ബിൽഡിംഗ് നിർമ്മാണം, ഐറ്റിഐ നാട്ടുകാണി, ഇടുക്കി | പ്രവർത്തികൾ പൂർത്തിയായി |
| 11 | ആൺകുട്ടികൾക്കായുള്ള പുതിയ അക്കാഡമിക് ബ്ലോക്ക് ബിൽഡിംഗ് നിർമ്മാണം, ഐ.റ്റി.ഐ. നാട്ടുകാണി, ഇടുക്കി | പ്രവർത്തികൾ പൂർത്തിയായി |

**സെക്ഷൻ ഓഫീസർ**